**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3403** **14-07-2022 - ൽ മറുപടിയ്ക്ക്**

**കയ്പമംഗലം നിയോജകമണ്ഡലത്തിലെ അഗ്രോ സർവീസ് സെന്റർ വിപുലീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കയ്പമംഗലം നിയോജകമണ്ഡലത്തിലെ മതിലകത്ത് സ്ഥിതിചെയ്യുന്ന ലാഭകരമായി പ്രവർത്തിച്ചുവരുന്ന അഗ്രോ സർവീസ് സെന്റർ കൂടുതൽ വിപുലമാക്കുന്നതിനാവശ്യമായ ആധുനിക യന്ത്രസാമഗ്രികളും അതിനുള്ള പരിശീലനവും നൽകുന്നതിന് കൃഷി വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്; | (എ) | കൃഷി വകുപ്പിൽ നിന്നും അഗ്രോ സർവ്വീസ് സെന്ററിന് അനുവദിച്ച ഫണ്ട് ഉപയോഗിച്ച് യന്ത്രസാമഗ്രികളും വിവിധ ഘട്ടങ്ങളിലായി തൊഴിലാളികൾക്ക് പരിശീലനവും നല്കിയിട്ടുണ്ട്. ആധുനിക യന്ത്ര സാമഗ്രികളുടെ പരിശീലനവും ഇതിൽ ഉൾപ്പെട്ടിട്ടുണ്ട്.<br><br>കാർഷിക സേവന കേന്ദ്രം വിപുലീകരിക്കുന്നതിനു വേണ്ടുന്ന നിർദേശങ്ങൾ ബിസിനസ്സ് പ്ലാനിൽ ഉൾപ്പെടുത്തി ആയത് MLA ചെയർമാൻ ആയിട്ടുള്ള ബ്ലോക്ക് തല ഉപദേശക സമിതിയിൽ അവതരിപ്പിച്ച് അംഗീകരിക്കപ്പെടേണ്ടതാണ്. പുതിയ കാർഷിക യന്ത്രം വാങ്ങണമെങ്കിൽ SMAM പദ്ധതിയിൽ ഉൾപ്പെടുത്തി വാങ്ങുന്നതിനുള്ള നിർദേശങ്ങളും നൽകിയിട്ടുണ്ട്. കാർഷിക യന്ത്രം പ്രവർത്തിപ്പിക്കുന്നതിന് പരിശീലനം നൽകുന്നതിന് വേണ്ടുന്ന സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നതിന് കേരള സംസ്ഥാന കാർഷിക യന്ത്ര വത്കരണ മിഷനെ സമീപിക്കാവുന്നതാണ്. കൂടാതെ ATMA പദ്ധതിയിൽ ഉൾപ്പെടുത്തി പരിശീലനം നൽകുന്നതിനും സൗകര്യമുണ്ട്. |
| (ബി) | പ്രസ്തുത സ്ഥാപനത്തിലെ വിറ്റുവരവ് ഒരു കോടി രൂപയിലധികം ആയതിനാൽ ജി.എസ്.ടി കണക്കാക്കുന്നതിന് ആവശ്യമായ അക്കൗണ്ടിംഗ് സാമഗ്രികളും സോഫ്റ്റ്‌വെയറുകളും ലഭ്യമാക്കുന്നതിന് കൃഷിവകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത് ; | (ബി) | കാർഷിക സേവന കേന്ദ്രത്തിന്റെ വിറ്റുവരവ് ഒരു കോടിയിലധികം ആയതിനാൽ ഏപ്രിൽ മുതൽ ജി.എസ്. ടി. രജിസ്ട്രേഷൻ എടുത്തിട്ടുണ്ട്. അക്കൗണ്ടിംഗ് സോഫ്റ്റ് വെയർ കാർഷിക സേവന കേന്ദ്രത്തിന്റെ ലാഭ വിഹിതം ഉപയോഗിച്ച് വാങ്ങി സ്ഥാപിക്കാവുന്നതാണ്. |
| (സി) | പ്രസ്തുത സ്ഥാപനത്തിൽ നിന്നും ഉൽപ്പന്നങ്ങളും വിത്തുകളും തൈകളും വിൽക്കുന്നതിന് അനുയോജ്യമായ വാഹനം വാങ്ങി നൽകുന്നതിന് കൃഷി വകുപ്പ് നടപടികൾ സ്വീകരിക്കുമോ; | (സി) | നിലവിൽ കാർഷിക സേവന കേന്ദ്രത്തിന് ഉല്പന്നങ്ങളും തൈകളും വിത്തുകളും കൊണ്ടുപോകുന്നതിന് സ്വന്തമായി ഒരു വാഹനം ഉണ്ട്. കാർഷിക ആവശ്യങ്ങൾക്കുള്ള (കാർഷിക സേവന വിതരണ വാഹനം) വാങ്ങുന്നതിന് |

| | | | |
|---|---|---|---|
| | | | ബിസിനസ്സ് പ്ലാനിൽ ഉൾപ്പെടുത്തി അംഗീകരിച്ച് അഗ്രിക്കൾച്ചറൽ ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് ഉപയോഗിച്ച് വാങ്ങാവുന്നതാണ്. |
| (ഡി) | ഇവിടെ ഉല്പാദിപ്പിക്കുന്ന കാർഷികോൽപ്പന്നങ്ങൾ വിൽക്കുന്നതിനും,വിദ്യാലയങ്ങളിൽ പ്രദർശനം നടത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ; | (ഡി) | കാർഷിക സേവന കേന്ദ്രത്തിന്റെ പ്രവർത്തനം നിയന്ത്രിക്കുന്നതിന് സ്ഥലം MLA ചെയർമാൻ ആയിട്ടുള്ള ബ്ലോക്ക് തല ഉപദേശക സമിതിയാണ്. കാർഷിക സേവന കേന്ദ്രങ്ങൾ ഒരു സ്വാശ്രയ സ്ഥാപനമായി വികസിപ്പിച്ചെടുക്കുക എന്നതാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ആയതിനാൽ കാർഷിക ഉല്പന്നങ്ങൾ വിൽക്കുന്നതിനും വിദ്യാലയങ്ങളിൽ പ്രദർശനം നടത്തുന്നതിനും അനുയോജ്യമായ തീരുമാനങ്ങൾ ബ്ലോക്ക് തല ഉപദേശക സമിതിയിൽ തീരുമാനിച്ച് നടപ്പാക്കാവുന്നതാണ്. |
| (ഇ) | അഗ്രോ സർവീസ് സെന്ററിന്റെ വിപുലീകരണത്തിന് ആവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ കഴിയുക? | (ഇ) | അഗ്രോ സർവ്വീസ് സെന്ററിന്റെ വിപുലീകരണത്തിനായി കാർഷിക സേവന കേന്ദ്രത്തിന്റെ ലാഭ വിഹിതം ഉപയോഗിച്ച് വിവിധ പദ്ധതികളായ പ്രോസസിംഗ് യൂണിറ്റ്, പായ്ക്ക് ഹൗസ്, ജൈവവളനിർമ്മാണ യൂണിറ്റ് തുടങ്ങിയവ ഏറ്റെടുത്ത് ചെയ്യാവുന്നതാണ്. ബ്ലോക്ക് തലത്തിൽ വേണ്ടുന്ന കാർഷിക അനുബന്ധ പ്രവർത്തനങ്ങൾക്കുള്ള ബിസിനസ്സ് പ്ലാൻ തയ്യാറാക്കി ആയത് ബ്ലോക്ക് തല ഉപദേശക സമിതിയുടെ അംഗീകാരത്തോടെ പ്രവർത്തനം നടത്താവുന്നതാണ്. വിപുലീകരണത്തിനാവശ്യമായ പ്രവ്യത്തികൾ ചെയ്യുന്നതിന് ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമ പഞ്ചായത്ത് എന്നിവയുടെ സമഗ്ര പദ്ധതിയായും നിലവില്ലുള്ള സർക്കാർ സംവിധാനമായ അഗ്രിക്കൾച്ചറൽ ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് ഉപയോഗപ്പെടുത്താവുന്നതുമാണ്. |

സെക്ഷൻ ഓഫീസർ